**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4593** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ റെസ്റ്റോറേഷൻ- സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ആര്യനാട് പാലോട് സെക്ഷൻ പരിധിയിൽ 92.8 ഹെക്ടർ അക്കേഷ്യ തോട്ടങ്ങളിൽ നെല്ലി, താന്നി, നീർമരുത്, കമ്പകം, ആഞ്ഞിലി, പുളി എന്നീ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 41.3 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. പേപ്പാറ വന്യജീവി സങ്കേതത്തിലെ മുക്കോത്തിവയലിൽ 10 ഹെക്ടറും, മണ്ണാംകോണം 10 ഹെക്ടറും, കോട്ടൂർ എ.ബി.പി. റെയിഞ്ചിലെ പുലിക്കുഴി 10 ഹെക്ടറും ഉൾപ്പെടെ ആകെ 30 ഹെക്ടർ സ്ഥലത്ത് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ സ്വാഭാവിക വന വൃക്ഷങ്ങളും ഫലവൃക്ഷ തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. എ.ബി.പി. റെയിഞ്ചിലെ കോട്ടൂരിൽ 27.9 ഹെക്ടർ സ്ഥലത്തെ അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി പരിവർത്തനം ചെയ്ത് സ്വാഭാവിക വനമായും പുൽമേട്ടകളുമാക്കി മാറ്റുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ എത്ര ഹെക്ടർ ഭൂമിയിലാണ് ഇക്കോ റെസ്റ്റോറേഷൻ (പാരിസ്ഥിതിക പുനഃസ്ഥാപനം) നടത്തുന്നതിന് ലക്ഷ്യമിടുന്നത്? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം അരുവിക്കര നിയോജക മണ്ഡലത്തിൽ 162 ഹെക്ടർ പ്രദേശത്ത് പരിസ്ഥി പുനഃസ്ഥാപനം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ